# ബുദ്ധനും ഞാനും നരിയും വായനക്കാരനും

**ഇ.പി. രാജഗോപാലൻ**

1951–ൽ ഇടശ്ശേരി ഈ കവിതയെഴുതി. 2004–ൽ ആയിരമായിരമാളുകൾക്ക് ശേഷം ഒരാൾകൂടി ഈ കവിത വായിക്കുന്നു. അയാളുടെ മുൻവായനകൾ. ഈ കവിതയുടെ തന്നെ പ്രഖ്യാതാർഥങ്ങൾ – ഇതൊക്കെയും ഈ വായനയെ നിയന്ത്രിക്കുന്നുണ്ട്. വായനയിലെ ചില പ്രതീതികൾ വരുന്നവഴിക്ക് ഇവിടെ കുറിച്ചിടുന്നു.

ഒന്ന്: ഒരു സെൻബുദ്ധകഥയിൽ ബുദ്ധപ്രതിമ വരുന്നുണ്ടത്രെ. മരപ്രതിമയാണ്. കടുത്ത തണുപ്പുകാലം മറ്റൊന്നും കാണാഞ്ഞ് ബുദ്ധപ്രതിമ വെട്ടിക്കീറി തീകായുന്ന ബുദ്ധസന്ന്യാസിയാണ് കഥയിലുള്ളത്. ഇതിലെ ബുദ്ധവിഗ്രഹമുന്തിയിട്ട് നരിയെ കൊല്ലുന്നതിന് സമാനമായ 'അവിശുദ്ധത'യും പ്രയോഗപ്രാധാന്യവും സിദ്ധാന്തശാഠ്യ വിരോധവും ഈ കഥയിലുമുണ്ട്.

രണ്ട്: പഴയൊരു കഥയുടെ അന്തരീക്ഷം കവിതയിൽ ഉണ്ട്. അതിനോട് ചേരുന്നത് ആധുനികതയുടെ ജീവിതചിഹ്നങ്ങളും. റേഷൻ മൈൽ, വാറണ്ട് എന്നീ ഇംഗ്ലീഷുവാക്കുകൾ പോലും ഉണ്ട്. ഈ ചേർച്ച കവിതയെ സവിശേഷമായ ആഖ്യാനമാക്കുന്നു. അഥവാ റിയലിസ്റ്റല്ലാത്ത ഒരാഖ്യാനമാക്കുന്നു. ആഖ്യാനമാണെന്ന് സ്വയം വെളിപ്പെടുത്തുന്ന ആഖ്യാനം. ഇത് കഥ പറയുന്നതിനിടെ തത്ത്വം വിളമ്പുന്ന ഒന്നല്ല. ഇതിലെ തത്ത്വം നാം വായിച്ചെടുക്കുന്നതുമല്ല. മറിച്ച് തത്ത്വം പറയാൻ വേണ്ടിതന്നെ ഉണ്ടാക്കിയ കവിതയാണിത്. ഈ രൂപം സ്വാഭാവികമായി തോന്നുന്നത് ഇപ്പറഞ്ഞ പഴമപ്പുതുമ ചേർച്ചയുടെ കലാനുഭവത്താലാണ്.

മൂന്ന്: നരിയെ വിഗ്രഹമുന്തിയിട്ടു കൊല്ലുന്നത് കവിതയിലെ മുഖ്യമായ ക്രിയാംഗം. എന്നാലതിൽ അസ്വാഭാവികതയേയുള്ളൂ. എങ്കിലും കവിത മോശമാകുന്നില്ല. ഈ അസ്വാഭാവികത അംഗീകരിക്കാൻ നാം തയ്യാറാണ്. ഇതിന്റെ കാരണം കവിതയ്ക്കുള്ള പ്രശ്നരൂപമൊന്നാണ്. കവിത അന്യോപദേശമല്ല മറെന്ത്? പ്രശ്നാവതരണത്തിനുള്ള ആഖ്യാനം തന്നെ. പ്രശ്നാവതരണം തന്നെ ഇതിന്റെ രൂപസങ്കല്പത്തിലും പ്രവർത്തിക്കുന്നത് പ്രത്യയശാഠ്യങ്ങളരുത് എന്ന മുഖ്യാശയം കവിതയുടെ രൂപത്തെ സ്വാധീനിച്ച് അതിനെ വിവൃതമാക്കി നിർത്തുന്നു. മാർഗമോ ലക്ഷ്യമോ വലുത്? ഇടയുള്ളവർ വാദിക്കുക. തനിക്കതിൽ കാര്യമില്ല എന്നുമാത്രമല്ല കവി പറയുന്നത് അതിനെ തെല്ല് പരിഹസിക്കുക കൂടി ചെയ്യുന്നുണ്ട്. താൻ കിടന്നുറങ്ങട്ടെ, നിങ്ങൾ വാദിപ്പിൻ എന്ന നിർദേശം മറ്റൊന്നല്ല ധ്വനിപ്പിക്കുന്നത്. നിഷ്കൃഷ്ട ഹിംസയെയും കാരുണ്യത്തെയും കുറിച്ച് ചിന്തിച്ച് കാലം കഴിച്ച ബുദ്ധഭിക്ഷുക്കളെയും കവി മാതൃകയായെടുക്കുന്നില്ല.

നാല്: സിദ്ധാന്തശാഠ്യത്തോടുള്ള വിരോധം കവിതയിൽ നല്ല തമാശകളായി വരുന്നു. സ്വന്തം സന്ദേശത്തിന്റെ സഫലപ്രയോഗം കണ്ട് ഇരുപതുനൂററാണ്ടായിവാണ മുനി എന്ന വിശേഷണം ബുദ്ധനല്ല, ബുദ്ധപ്രതിമയ്ക്കാണ് എന്നത് ഒന്നാമത്തെ തമാശ. വ്യാജസ്തുതിയാണത്. നരിക്കു നായാട്ടു നായ്ക്കൾ എപ്പടിയോ, തനിക്ക് വാറണ്ടുശിപ്പായിമാർ അപ്പടി എന്ന തുലനംകൊള്ളൽ മറ്റൊരു തമാശ. നരി നഖമുരക്കുന്നത് ബുദ്ധപ്രതിമയിൽ തന്നെ എന്നതും നല്ല സാഹചര്യത്തമാശ തന്നെ – കറുത്ത ഹാസ്യം.

അഞ്ച്: ഇടയുള്ളോർ വാദിപ്പിൻ'– ഇതും തമാശതന്നെയല്ലേ? മററുതരത്തിൽ ജീവിതപ്രശ്നങ്ങൾ പരിഹരിച്ചവർ, വിനോദത്തിനായി വാദിക്കുക, ഇത്തരം കഠിനസിദ്ധാന്തമുണ്ടാക്കലിലൊന്നും കാര്യമില്ല. ജീവിതത്തിന്റെ അടിയന്തരാവശ്യങ്ങളുടെ അവ്യവസ്ഥ ഏത് സിദ്ധാന്തത്തെയും പരിക്ഷീണമാക്കും. പരീക്ഷണവസ്തുവാക്കും. ഓരോ സന്ദർഭത്തെയും അതിന്റെ ചരിത്രപരതയിൽ കാണുന്നതാണ് ഉചിതം. അത് പ്രയാസകരമാണെങ്കിലും ഇതു മറന്നുകൊണ്ടുള്ള വാദമൊക്കെ വെറും കാർത്തികലീല മാത്രമാണ്. സാധാരണക്കാർക്ക് – ജീവിതത്തിൽ ജീവിക്കുന്നവർക്ക്– അതിൽ കാര്യമില്ല. അത് ഉല്പാദിപ്പിക്കുന്നത് ഒരാഖ്യാനമാകും. അതിന് അതിന്റേതായ സവിശേഷതകളേ അവകാശപ്പെടാനാവൂ. മുഴുവൻ ജീവിതസന്ദർഭങ്ങളിലേക്കുമുള്ള ഒരു കുറിപ്പടിയാവില്ല അത്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഈ കവിത മുഖേന ഇടശ്ശേരി ചോദ്യം ചെയ്യു

ന്നത് ബൃഹദാഖ്യാനസങ്കല്പത്തെയാണ്.

ആറ്: ഇരുളുന്ന ചുററിലു, മറിയാതായ് വെവ്വേറെത്തളിരും മലരും കരിയിലയും" എന്നത് ഇന്ന് മനുഷ്യർ അനുഭവിക്കുന്ന സിദ്ധാന്തനിശ്ചയമില്ലായ്മയുടെ കൂടി ചിത്രമാണ്. ഇത്തരം സന്ദർഭങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഇപ്പോഴെന്തു ചെയ്യണമെന്നാണ് കവിത നിർദേശിക്കുന്നത്.

ഏഴ്: നായകൻ/വില്ലൻ എന്ന വിഭജനം- നന്മ/തിന്മ എന്ന ലളിതമായ വകഞ്ഞുവയ്ക്കൽ സുഖകരമല്ല എന്നും കവിത പറയുന്നു. ഇതും സിദ്ധാന്തകേവലതയിലുള്ള വിശ്വാസക്കുറവിന്റെ ഭാഗമാണ് ഇതിലെ 'ഞാൻ' സ്വന്തം പ്രയാസം പറയുന്നു. പട്ടിണി, അരിയെത്തിയില്ലെങ്കിൽ ഉണ്ടാകാവുന്ന ബാലമരണം ഇങ്ങനെ. അതേസമയം, താൻ കൊല്ലുന്ന നരിയുടെ മക്കളെയും ഓർമിക്കുന്നുണ്ട്. അവരുടെ തീൻപണ്ടമാണ് താൻ മുടക്കുന്നത് എന്ന് ഉറപ്പിക്കുന്നുണ്ട്. ഈ പരിഗണന യാദൃച്ഛികമല്ല. ഇത് കാരുണ്യപ്രേരിതമല്ല. സിദ്ധാന്തകേവലതാ വിരോധനിലപാടിന്റെ ഭാഗമാണ്. 'നരിയമ്മാൻ' എന്ന വിളി വെറും തമാശയല്ലെന്നു ചുരുക്കം.

എട്ട്: ഇതിലെ തമാശയുടെ അടിസ്ഥാനം സിദ്ധാന്തങ്ങളെക്കാൾ മൂല്യവത്തായ ജീവിതാനുഭവങ്ങളാണ്. അവയുടെ നഖം കൊണ്ട്, ഉറച്ചുപോയ ആശയങ്ങളെ ഉരസ്സുമ്പോഴാണ് തമാശയുടെ തീ പാറുന്നത്. ആദ്യം 'സുഗതനാം ബുദ്ധൻ തൻ സന്നിധിയിൽ' എന്നു പറയുന്നു. പിന്നീടാണ് അത് ബുദ്ധനല്ല പ്രതിമയാണെന്ന് നാം വായിക്കുന്നത്. ഈ പരിണതി സിദ്ധാന്ത രൂപീകരണത്തിന് വഴി തെളിയിക്കുന്ന ജീവിതാവസ്ഥകളും സിദ്ധാന്തവും തമ്മിലുള്ള വ്യത്യാസത്തെയാണ് സൂചിപ്പിക്കുന്നത്. ജീവിതാവസ്ഥകളെ മറന്ന്, അവയിൽ നിന്നുണ്ടായ സിദ്ധാന്തത്തെ മാത്രം പരിഗണിക്കുന്നത് ഒട്ടും ചരിത്രപരമല്ല.

ഒമ്പത്: അസ്വാഭാവികതയെപ്പററി മുൻപ് പറഞ്ഞു. ഒരിക്കൽകൂടി പറയുന്നു. നരിയുടെ ചൊകചൊക മിന്നുന്ന കണ്ണുകൾ കണ്ടശേഷം പതിമൂന്ന് ഈരടികൾ ഉണ്ട്. സാധാരണ നിലയിൽ ഇത് സന്തുലനം തെററിക്കും. നരിയെ കണ്ടാലുടനെ രക്ഷപ്പെടാനുള്ള തിടുക്കമാണുണ്ടാവുക. കവിതയാകെ നാല്പത് ഈരടികളേയുള്ളൂ. എന്നാലും ഇത് കവിതയുടെ പരാജയസ്ഥാനമല്ല; കഥാത്മകതയല്ല ഇവിടെ പ്രധാനം. നേരത്തെ പറഞ്ഞതുപോലെ തത്ത്വനിവേദനമാണ് അതിലെ യാഥാർഥ്യബോധവും ആത്മാർഥതയും കവിതയിലെ എല്ലാ ഘടകങ്ങളെയും ന്യായീകരിക്കുന്നു.

പത്ത്: ബുദ്ധമതകഥ, സംബന്ധിയായ ഒരു സാഹിത്യപാരമ്പര്യം മലയാളത്തിനുമുണ്ട്. സെൻബുദ്ധിസ്റ്റ് കഥകളുടെ ഒരു ഓർമ സൃഷ്ടിച്ചുകൊണ്ട് ബൗദ്ധപാരമ്പര്യത്തെത്തന്നെ അപനിർമിക്കാനും ഈ കവിത ഒരുങ്ങുന്നുണ്ട്. കാരുണ്യത്തെ ചരിത്രമുക്തമായ ഒരു കേവലാശയമായി സ്ഥാപിക്കുന്നതിലെ അന്തസ്സാരമില്ലായ്മ കവിതയിൽ പ്രകടമായുണ്ട്. ചരിത്രത്തെ ലഘൂകരിച്ച് കാണുന്നതിൽ നിന്നാണ് ഇത്തരം മൗലികവാദങ്ങൾ പിറക്കുന്നത്. ഓരോയാൾക്കും ജീവിതത്തെ സക്രിയമായി കാണാനുള്ള സാധ്യതയടച്ചുകളയുകയാണ് ഇത്തരം സിദ്ധാന്തപ്രതിഷ്ഠകൾ. ഈ കവിതയുടെ പാഠം മുൻനിർത്തി ബുദ്ധനായി ബന്ധപ്പെട്ടുണ്ടായ കവിതകളെയും മററും വീണ്ടും പഠിക്കാനും നമുക്ക് പ്രേരണയുണ്ടാവും. ഉദാഹരണത്തകിന് 'ചണ്ഡാലഭിക്ഷുകി'യെടുക്കാം അവിടെ ബുദ്ധനുണ്ട്. ഭഗവാൻ വന്നുചേരുന്നവരുടെ ജീവിതത്തിൽ മാററങ്ങൾ വരുത്തുന്നു - നല്ല മാററങ്ങൾ. അത് ജീവിതവും ജീവിതവും തമ്മിലുള്ള മുഖാമുഖമാണ്. എന്നാൽ, ഈ കവിതയിൽ ജൈവബുദ്ധനില്ല. പ്രതിമയേയുള്ളു. അപ്പോൾ വരുന്ന മാററങ്ങളെന്തൊക്കെയെന്നാണ് കവിത സൂചിപ്പിക്കുന്നത്. ബുദ്ധമതദർശനങ്ങളെ തന്നെ പുനർമൂല്യനിർണയം ചെയ്യാനുള്ള താല്പര്യവും ഈ കവിത ഉണ്ടാക്കാതിരിക്കുന്നില്ല. കാരുണ്യത്തിന്റെ കേവലത വർഗവൈരുധ്യങ്ങളെ വിസ്മരിക്കുകയല്ലേ? ആഗ്രഹങ്ങളാണ് ശോകകാരണമെന്ന് പ്രചരിപ്പിക്കുന്നത് മുന്നോട്ടു പോകാനുള്ള ചരിത്രവാസനയെ മരവിപ്പിച്ച് നിർത്തുകയില്ലേ? ബുദ്ധമതത്തിൽ ജീവിതത്തിന്റെ വൈവിധ്യത്തെ വിസ്മരിക്കുന്ന ശാഠ്യങ്ങളില്ലേ? തുടങ്ങിയ ചോദ്യങ്ങൾ കവിത ധ്വനിപ്പിക്കുന്നുണ്ട്.

പതിനൊന്ന്: ബുദ്ധ കഥാപാരമ്പര്യത്തിൽനിന്ന് തുടങ്ങുന്ന കവിത സ്വയം ഒരു പാരമ്പര്യമായിത്തീർന്നിട്ടുണ്ട്. ക്രിസ്തീയമായ കാരുണ്യസങ്കല്പത്തെ സന്ദർഭത്തിന്റെ സമ്മർദത്താലും മാനുഷികതയുടെ യാഥാർഥ്യമറിയുന്നതിനാലും തട്ടിത്തെറിപ്പിക്കുന്ന നിലമറന്ന് കളിക്കുന്ന പുരോഹിതനെക്കുറിച്ച്

പറയുന്ന എൻ.എസ്. മാധവന്റെ ചെറുകഥയുടെ – ‘ഹിഗ്വിററ’ – വായനാവേളയിൽ ‘ബുദ്ധനും ഞാനും നരിയും’ ഉയർന്നുവരുന്നത് സ്വാഭാവികമാണ്.

പന്ത്രണ്ട്: സിദ്ധാന്തശാഠ്യവിചാരണ ഈ കവിതയിൽ കലായുക്തികൾകൊണ്ട് സാധ്യമാക്കുന്നത് ഇതിലെ കാർമികൻ ഒരു സാധാരണക്കാരനാണ് – വെറും നിസ്വഗൃഹസ്ഥൻ – എന്ന കാര്യമാണ് അയാൾക്ക് പരിവേഷങ്ങളൊന്നുമില്ല. ജീവിതത്തെ നേരിടാനുള്ള പ്രമാണമല്ലാത്ത പ്രമാണമല്ലാതെ വേറൊന്നും അയാൾക്കില്ല.

ഈ കർത്തൃസ്ഥാനം കവിതയുടെ പ്രമേയത്തെ നന്നായി പിന്തുണയ്ക്കുന്നുണ്ട്.

പതിമൂന്ന്: ഈ കവിതയുടെ പ്രമേയഘടന ഇടശ്ശേരിക്കവിത വായിക്കാൻ തന്നെ പ്രയോജനം ചെയ്യില്ലേ? തന്റെ സർഗവൃത്തികളെ എങ്ങനെയാണ് വായിക്കേണ്ടതെന്ന് പറയുകയാണോ ഈ രചനയിലൂടെ കവി? കവിതയുടെ സത്യസന്ധത ജീവിതത്തോടാണ് എന്നും ആ വഴിക്കാണ് അത് വൈവിധ്യം നേടുന്നതെന്നും സൂചിപ്പിക്കുകയാണ് ഇടശ്ശേരി. ‘തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ’ പോലുള്ള രചനകളിൽ മാത്രമല്ല ഈ നയം നാം തേടേണ്ടത്. സാഹിത്യ വിമർശനത്തിന് സമഗ്രമായൊരർഥത്തിൽ വഴികാട്ടിയാവുന്ന സൂചനയാണിത്.

പതിനാല്: ആത്യന്തികമായ ശരിതെററുകളില്ല. ഒരു ജീവിതസന്ദർഭത്തിന്റെ സൃഷ്ടിയാണ് ഒരു ചെയ്തി. നീതിന്യായ വ്യവസ്ഥയിൽ തന്നെയും പ്രസക്തമായിത്തീരേണ്ട വിചാരമാണിത്.